

**വിദ്യാർഥികൾക്കും, യുവഗവേഷകർക്കും തദ്ദേശസ്ഥാപനങ്ങൾക്കും പ്രബന്ധങ്ങൾ അവതരിപ്പിക്കുവാൻ വേദികൾ**

## സമയക്രമം

പ്രബന്ധാവതാരകർ 200 - 300 വാക്കുകളിൽ അധികരിക്കാത്ത പ്രബന്ധ സംഗ്രഹം **(വേർഡ് ഫോർമാറ്റിൽ)** തയാറാക്കി **fwgpseminar@gmail.com** എന്ന ഇ-മെയിലിൽ **2025 ഏപ്രിൽ 20**-നു മുൻപ് ലഭ്യമാക്കേണ്ടതാണ്. സംഗ്രഹങ്ങളും മുഖ്യപ്രഭാഷണങ്ങളും അച്ചടിച്ച് സെമിനാറിൽ ലഭ്യമാക്കുന്നതാണ്. പ്രബന്ധങ്ങളുടെ പൂർണരൂപം **2025 ഏപ്രിൽ 28**-നു മുൻപായി ലഭ്യമാക്കണം. ഇവ പഠന കോൺഗ്രസ്സിന്റെ വെബ്സൈറ്റിൽ നകുന്നതാണ്.

## രജിസ്ട്രേഷൻ

- സെമിനാറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ http://akgcentre.in എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
- സെമിനാറിൽ പങ്കെടുക്കുന്നവർക്ക് 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. വിദ്യാർത്ഥികൾക്ക് 250 രൂപ. സ്ഥാപനങ്ങൾക്ക് 2000 രൂപ (മൂന്ന് പേർക്ക് പങ്കെടുക്കാം). പ്രബന്ധാവതരകർക്കും പ്രത്യേക ക്ഷണിതാക്കൾക്കും ഫീസ് ഒഴിവാക്കുന്നതാണ്.
- താമസം, ഭക്ഷണം, പ്രബന്ധങ്ങൾ അടങ്ങിയ കിറ്റും രെജിസ്റ്റർ ചെയ്തവർക്ക് ലഭ്യമാക്കുന്നതാണ്.

# അഞ്ചാമത് അന്താരാഷ്ട്ര കേരളപഠന കോൺഗ്രസിനു മുന്നോടിയായി

കേരളം
INTERNATIONAL CONGRESS ON KERALA STUDIES



### ദ്വിദിന സെമിനാർ

# വനം-പശ്ചിമഘട്ടം പ്ലാന്റേഷൻ

**2025 മെയ് 10-11**

**മരിയൻ കോളേജ് ◆ കുട്ടിക്കാനം, ഇടുക്കി**

**എം. ജിനദേവൻ പഠനഗവേഷണകേന്ദ്രം, ഇടുക്കി**

**എ.കെ.ജി. പഠനഗവേഷണകേന്ദ്രം**

01.04.2025

പ്രിയ സുഹൃത്തേ,

മലയോര പ്രദേശങ്ങൾ വലിയ പ്രതിസന്ധി നേരിടുകയാണ്. ആസിയാൻ കരാറിനെത്തുടർന്ന് പ്ലാന്റേഷൻ മേഖലയുടെ തകർച്ച, മനുഷ്യ-വന്യമൃഗ സംഘർഷം, പട്ടയത്തിന്റെയും ഭൂവിനിയോഗത്തിന്റെയും കുരുക്കുകൾ, പാരിസ്ഥിതിക തകർച്ച, ടൂറിസം, മൂല്യവർദ്ധിത വ്യവസായങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലെ പ്രതിബന്ധങ്ങൾ തുടങ്ങിയവ ഈ പ്രതിസന്ധിയുടെ വ്യത്യസ്ത വശങ്ങളാണ്. ഇവയെക്കുറിച്ച് ഇടുക്കി, കുട്ടിക്കാനത്തുവച്ച് 2025 മെയ് 10, 11 തീയതികളിലായി വിപുലമായ സെമിനാർ എം. ജിനദേവൻ പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു. ഈ വർഷാവാസനം നടക്കുന്ന അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ തയ്യാറെടുപ്പിന്റെ ഭാഗമായാണ് ഈ സെമിനാർ.

ഇടുക്കിയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് കേരള സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ഈ സെമിനാർ വേദിയാകും.

ഈ സെമിനാറിൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾ ഇതോടൊപ്പം പ്രത്യേകം കൊടുത്തിട്ടുണ്ട്. ഓരോ വിഷയത്തിലും ആ മേഖലയിലെ ഏതാനും വിദഗ്ദരെ പ്രബന്ധാവതരണത്തിനു ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ഇത് ഒരു തുറന്ന സെമിനാറാണ്. ഏതൊരാൾക്കും പ്രബന്ധങ്ങൾ സമർപ്പിക്കാവുന്നതാണ്.

ഈ സെമിനാറിൽ പങ്കെടുക്കുവാനും പ്രബന്ധം അവതരിപ്പിക്കുവാനും സെമിനാർ ചർച്ചകളിൽ പങ്കാളിയാകുന്നതിനും സാദരം ക്ഷണിക്കുന്നു.

**എസ്. രാമചന്ദ്രൻപിള്ള**
ചെയർമാൻ

**ഡോ. ടി.എം. തോമസ് ഐസക്**
സെക്രട്ടറി

പഠനകോൺഗ്രസ് അക്കാദമിക സമിതി

**ഡോ. ആർ. അജയകുമാർ വർമ്മ**
ചെയർമാൻ

**എസ്.എസ്. നാഗേഷ്**
കൺവീനർ

സെമിനാർ അക്കാദമിക് സമിതി
വനം-പശ്ചിമഘട്ടം പ്ലാന്റേഷൻ



## ഒന്നാംദിവസം

# ഉദ്ഘാടനസമ്മേളനവും അവതരണങ്ങളും

താഴെപറയുന്ന വിഷയങ്ങളിൽ പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടെയും ഇതുവരെയുള്ള അനുഭവ പാഠങ്ങളുടെയും അവതരണങ്ങൾ, ചർച്ചകൾ.

1. കേരളത്തിന്റെ വനസ്ഥിതിയും, പരിപാലനവും
2. വനനിയമങ്ങൾ, വൈരുദ്ധ്യങ്ങൾ
3. വനം- ജൈവവൈവിധ്യം
4. അധിനിവേശ സസ്യങ്ങൾ, പ്രശ്നങ്ങൾ
5. വനവിഭവ സമാഹരണം, ഉപജീവനം
6. വനസംരക്ഷണ സമിതികൾ
7. വനാതിർത്തിയിലെ തദ്ദേശ സ്ഥാപനങ്ങൾ
8. തദ്ദേശസ്ഥാപനങ്ങളും, ജൈവപുനഃസ്ഥാപനവും
9. ഭൂപരിഷ്കരണം, ഭൂസംഘർഷം
10. റബ്ബർ തോട്ടങ്ങൾ, സുസ്ഥിരത പ്രശ്ങ്ങൾ
11. തേയില, കാപ്പി തോട്ടങ്ങൾ, പ്രശ്നങ്ങൾ
12. ഏലം, കുരുമുളക് തോട്ടങ്ങൾ, പ്രശ്നങ്ങൾ
13. ഉയർന്ന പ്രദേശങ്ങളിലെ കൃഷി
14. തോട്ടങ്ങളുടെ വൈവിധ്യവത്കരണം
15. തോട്ടപരിപാലനം, നൂതന ആശയങ്ങൾ
16. ഇടത്തരം, ചെറുകിട തോട്ടങ്ങൾ, പ്രശ്നങ്ങൾ
17. അന്താരാഷ്ട്ര വ്യാപാരം, ആശങ്കകൾ, സാദ്ധ്യതകൾ

## രണ്ടാംദിവസം

താഴെപറയുന്ന വിഷയങ്ങളിൽ പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടെയും ഇതുവരെയുള്ള അനുഭവ പാഠങ്ങളുടെയും അവതരണങ്ങൾ, ചർച്ചകൾ

1. വന്യജീവി സംഘർഷം - വർധനയും, ആശങ്കകളും
2. വനം, വന്യജീവി - നിയമങ്ങൾ, ചട്ടങ്ങൾ, വൈരുദ്ധ്യങ്ങൾ
3. വന്യജീവി-മനുഷ്യ ഇടപെടൽ - പ്രാദേശിക കാഴ്ചപ്പാടുകൾ, അറിവുകൾ
4. വന്യജീവി സംഘർഷ ലഘൂകരണം - നൂതന സാദ്ധ്യതകൾ
5. പശ്ചിമഘട്ടം- കുടിയേറ്റം, ഭൂവിനിയോഗം
6. പശ്ചിമഘട്ടം- ഭൂവൈവിധ്യം, ജൈവവൈവിധ്യം
7. പശ്ചിമഘട്ടം- പ്രകൃതി ദുരന്തങ്ങൾ, മുൻകരുതലുകൾ, ലഘൂകരണം, പശ്ചിമഘട്ടം- പ്രകൃതി ദുരന്തങ്ങൾ, പുനഃരധിവാസം
8. പശ്ചിമഘട്ടം- കാലാവസ്ഥാവ്യതിയാന സവിശേഷതകളും
9. പശ്ചിമഘട്ടം- ഭൂജല പരിപാലനവും, നീർത്തട സമീപനവും
10. പശ്ചിമഘട്ടം- വാഹകശേഷിയും, തീവ്രവികസന ഇടപെടലുകളും
11. പശ്ചിമഘട്ടം- കാർഷിക വിനോദ സഞ്ചാരം (ഫാം ടൂറിസം)